# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 975

25.01.2018-ലെ മറുപടി

## അമൃത് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അമൃത് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഒന്നിച്ച് വലിയ എസ്റ്റിമേറ്റുകളാക്കി ടെണ്ടർ ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പദ്ധതികളുടെ സാങ്കേതിക പ്രത്യേകതകളും നിർവഹണ സൗകര്യങ്ങളും പൂർത്തീകരണ സമയവും കണക്കിലെടുത്താണ് പ്രവൃത്തികളുടെ പാക്കേജിംഗ് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ ചില അവസരങ്ങളിൽ പ്രവൃത്തികൾ ഒന്നിച്ച് ടെണ്ടർ ക്ഷണിക്കേണ്ടി വരുന്നുണ്ട്. |
| (ബി) ചെറിയ പ്രവൃത്തികളെ ഒന്നിച്ച ചേർത്ത് വലിയ എസ്റ്റിമേറ്റുകൾ ആക്കുമ്പോൾ സമയബന്ധിതയായി ജോലികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വലിയ കാലതാമസം നേരിടാൻ ഇടയാക്കും എന്നതിനാൽ പ്രസ്തുത പ്രവൃത്തികൾ ചെറിയ എസ്റ്റിമേറ്റുകളാക്കി തന്നെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) ചെറിയ എസ്റ്റിമേറ്റുകൾ കൂട്ടി ചേർത്ത് വലിയ എസ്റ്റിമേറ്റുകൾ ആക്കി ടെണ്ടർ ചെയ്യുന്നതു കാരണം ചെറുകിട കരാറുകാർക്ക് ഈ ടെണ്ടറിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ചെറിയ എസ്റ്റിമേറ്റുകൾ കൂട്ടിച്ചേർത്ത് സാധാരണഗതിയിൽ ടെണ്ടർ ചെയ്യാറില്ല. ഓരോ പദ്ധതികളുടേയും പ്രത്യേകതകൾ കണക്കിലെടുത്താണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ എല്ലാ വിഭാഗം കരാറുകാർക്കും അവസരം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ